**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **11.02.2020 ൽ**
**നിയമസഭാ ചോദ്യം നമ്പർ :1977** **മറുപടിക്ക്**

# പോലീസ് വകുപ്പ് കാര്യക്ഷമമാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. സി. കെ. ഹരീന്ദ്രൻ<br>ശ്രീ. പി.വി. അൻവർ<br>ശ്രീ. എം. നൗഷാദ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്ത് പോലീസ് വകുപ്പിൽ ആധുനികവത്ക്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | എ) ആധുനികവത്ക്കരണത്തിന്റെ ഭാഗമായി ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>1. കേന്ദ്രാവിഷ്കൃത പദ്ധതിയായ ക്രൈം & ക്രിമിനൽ ട്രാക്കിങ് നെറ്റ് വർക്കിങ് സിസ്റ്റം (CCTNS) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.<br>2.നിലവിലെ അനലോഗ് ടെലി ഉപകരണങ്ങൾക്കു പകരം അത്യാധുനിക രീതിയിലുള്ള Digital Communication System തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>3. ഫിംഗർ പ്രിന്റ് ബ്യൂറോ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>4. Cyber Crime Prevention Against Women and Children (CCPWC) Project സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു.<br>5. ശാസ്ത്രീയ കുറ്റാന്വേഷണം കൂടുതൽ ഫലവത്താക്കുന്നതിന് ഫോറൻസിക് സയൻസ് ലാബുകളിൽ ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ചു വരുന്നു. |

6. കൊച്ചി സിറ്റി പോലീസ് കോംപ്ലക്സ് നിർമ്മിക്കുവാനായി 2020-21 ബഡ്ജറ്റിൽ തുക വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

ബി) പോലീസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് ജില്ലാ പോലീസ് മേധാവികൾക്ക് നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ;

ബി) പോലീസ് സ്റ്റേഷനുകളുടെയും അത് വഴി പോലീസിന്റെയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് 2020 വർഷത്തെ 'Police Station Performance Improvement Year' ആയി മാറ്റുന്നതിനായി സംസ്ഥാന പോലീസ് മേധാവി പോലീസ് സ്റ്റേഷനുകളെ പൊതുജനങ്ങളുമായി സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനും, കുറ്റകൃത്യങ്ങൾ തടയുന്നതിനും, കാര്യക്ഷമതയും മികച്ചതുമായ കുറ്റാന്വേഷണം നടത്തുന്നതിനും വേണ്ട നിർദ്ദേശം എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും നൽകിയിട്ടുണ്ട്.

സി) പോലീസിന്റെ കാര്യശേഷി വർദ്ധിപ്പിക്കാനുതകും വിധം എന്തെല്ലാം പുതിയ പരിശീലന പരിപാടികളാണ് സംഘടിപ്പിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

സി) പോലീസിന്റെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സബ് ഇൻസ്പെക്ടർമാരുടെ പ്രാക്ടിക്കൽ ട്രെയിനിംഗ് കാലാവധി പത്തര മാസമായി ഉയർത്തിയിട്ടുണ്ട്. കൂടാതെ കമാൻഡോ ട്രെയിനിംഗിന്റെ ഭാഗമായി 'ഗ്രേ ഹണ്ട്സ്' തെലുങ്കാന തുടങ്ങിയ കേന്ദ്രങ്ങളിൽ 1 മാസത്തെ പ്രത്യേക കമാൻഡോ പരിശീലനം നൽകി വരുന്നു. മാവോയിസ്റ്റ് ഭീഷണിയുടെ പശ്ചാത്തലത്തിൽ LWE ബാധിത പോലീസ് സ്റ്റേഷനുകളിൽ അറ്റാച്ച്മെന്റ് ട്രെയിനിംഗും നൽകി വരുന്നു.
കേരളാ പോലീസ് അക്കാദമിയിൽ പൂർണ്ണ സജ്ജീകരണത്തോടു കൂടിയ സൈബർ ഫോറൻസിക് ലാബ് രൂപീകരിച്ചിട്ടുള്ളതും Cyber related കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് വിവിധ ട്രെയിനിംഗുകളും നൽകി വരുന്നുണ്ട്. Digital Learning സംവിധാനം നടപ്പിലാക്കി E Learning System മുഖേന ട്രെയിനികൾക്ക് പരിശീലനം നൽകി വരുന്നു. ബേസിക് സർവ്വീസ് ട്രെയിനിംഗുകളിൽ Webinar പോലുള്ള ഓൺലൈൻ സംവിധാനം നടപ്പിലാക്കി കൂടുതൽ ഉദ്യോഗസ്ഥരെ

പരിശീലനത്തിൽ പങ്കാളികളാക്കി വരുന്നു. ട്രെയിനിംഗ് സംബന്ധമായ Journals, Phamplets എന്നിവ കാലാനുസൃതമായി പുതുക്കി പ്രസിദ്ധീകരിച്ചു വരുന്നു.

സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ച് വരുന്നതിനാൽ 2019 സൈബർ ട്രെയിനിംഗ് ഇയർ ആയി പ്രഖ്യാപിക്കുകയും സൈബർ വിഷയങ്ങളിൽ പരമാവധി പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുകയും ഉണ്ടായി. പോലീസിലെ പഴയ Lathy Drill Weapon training എന്നിവ പരിഷ്കരിച്ച് നവീകരിച്ച് ഡ്രിൽ പഠിപ്പിച്ചു വരുന്നു. പൊതുജനങ്ങളോടുള്ള പോലീസിന്റെ പെരുമാറ്റം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടു കൂടി പരിശീലനത്തിൽ "Behaviour towards Public" എന്ന വിഷയം പഠിപ്പിച്ചു വരുന്നു. പോലീസ് ട്രെയിനിങ്ങ് കോളേജിൽ വച്ച് നടത്തുന്ന ഈ ക്ലാസ്സുകൾ കമ്പ്യൂട്ടർ, സ്മാർട്ട് ഫോൺ എന്നിവ ഉപയോഗിച്ച് ഡൗൺലോഡ് ചെയ്ത് കാണാവുന്നതാണ്.

ഡി) വിവിധ സേവനങ്ങളും പ്രവർത്തനങ്ങളും ജനങ്ങൾക്ക് ലഭ്യമാക്കാനും അവ കൂടുതൽ സുതാര്യമാക്കാനും കേരള പോലീസ് ബ്ലോക്ക് ചെയിൻ സാങ്കേതികവിദ്യ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഡി) ഉണ്ട്. ബ്ലോക്ക് ചെയിൻ സാങ്കേതികവിദ്യ അടിസ്ഥാനമാക്കി പാസ്പോർട്ട് വെരിഫിക്കേഷൻ/പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസലിന്റെ സാങ്കേതിക സാമ്പത്തിക വശങ്ങൾ പരിശോധിക്കുന്നതിനായി എ.ഡി.ജി.പി (കോസ്റ്റൽ സെക്യൂരിറ്റി) ചെയർമാനായി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ